(എ) ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിൽ കഴിഞ്ഞ 3 വർഷത്തിനിടയിൽ എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അറിയിക്കുമോ ;

(സി) വ്യവസായ സംരംഭകർക്ക് ആവശ്യമായ സഹായം ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വ്യവസായങ്ങൾ ആരംഭിക്കുവാൻ മുന്നോട്ടു വരുന്ന സഹകരണ സംഘങ്ങൾക്ക് സഹായകരമല്ലാത്ത നിലപാടാണ് ചില ജില്ലാ ഉദ്യോഗസ്ഥന്മാർ കൈക്കൊള്ളുന്നത് എന്ന പരാതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ 1683 ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

1)	തിരുവനന്തപുരം	-	354
2)	കൊല്ലം	-	219
3)	ആലപ്പുഴ	-	138
4)	പത്തനംതിട്ട	-	36
5)	കോട്ടയം	-	102
6)	ഇടുക്കി	-	33
7)	എറണാകുളം	-	102
8)	തൃശ്ശൂർ	-	269
9)	പാലക്കാട്	-	100
10)	കോഴിക്കോട്	-	70
11)	വയനാട്	-	14
12)	മലപ്പുറം	-	99
13)	കാസർഗോഡ്	-	74
14)	കണ്ണൂർ	-	66
			1683

(സി) പൊതുവിൽ അങ്ങനെ പരാതി ലഭിച്ചിട്ടില്ല. ഒരു പരാതി മാത്രമാണ് ലഭിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം.

7(2804) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

371/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചെറുകിട വ്യവസായങ്ങളുടെ മൂലധന നിക്ഷേപപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) വ്യവസായവൽക്കരണം വഴി സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനു വിർദ്ദേശിച്ചിരിക്കുന്ന നടപടികൾ എന്താണെന്ന് വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) വ്യവസായ സംരംഭത്തിന് ഉദ്യോഗസ്ഥതലത്തിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വ്യവസായങ്ങളിൽനിന്ന് ധനകാര്യ സ്ഥാപനങ്ങൾ ഈടാക്കുന്ന ഉയർന്ന പലിശനിരക്ക് കുറയ്ക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ;

(എഫ്) സംസ്ഥാനത്ത് വ്യവസായവൽക്കരണം ത്വരിതപ്പെടത്തുവാൻ എത്ര രൂപയുടെ നിക്ഷേപം വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ;

(ജി) വ്യവസായവൽക്കരണത്തിന് സ്വകാര്യമൂലധനം ആകർഷിക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എച്ച്) സാമ്പത്തിക വളർച്ചയെ സഹായിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി അടുത്ത രണ്ടു വർഷത്തേയ്ക്ക് എത്ര കോടി രൂപയുടെ നിക്ഷേപമാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഐ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കഴിഞ്ഞ മൂന്നു വർഷങ്ങളിൽ എത്ര നിക്ഷേപം ഉണ്ടായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കേന്ദ്ര സർക്കാരിന്റെ തീരുമാനമനുസരിച്ചാണ് നിശ്ചയിക്കുക.

(ബി) ആഗോള നിലവാരമുള്ളതും അത്യാധുനിക സജ്ജീകരണത്തോടുകൂടിയതുമായ ഒരു ടെക്നോപാർക്ക് തിരുവനന്തപുരത്തു സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഇലക്ട്രോണിക്സ്/ഇൻഫർമേഷൻ ടെകനോളജി വ്യവസായങ്ങൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്കായി വിവിധ ജില്ലകളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി വ്യവസായ പാർക്കുകൾ നിർമ്മിച്ചുവരുന്നു. വിപുലമായ കർമ്മപരിപാടികൾ ഉൾക്കൊള്ളുന്ന ഒരു വ്യവസായ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ത്രസ്റ്റ് വിഭാഗത്തിൽപെട്ട വ്യവസായങ്ങൾക്കും, നെഗറ്റീവ് ലിസ്റ്റിൽ പ്പെടുത്തിയിട്ടില്ലാത്ത മറ്റു വ്യവസായങ്ങൾക്കും വിവിധ നിരക്കുകളിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, സ്ത്രീകൾ, വികലാംഗർ, വിമുക്തഭടന്മാർ എന്നിവർ ആരംഭിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രത്യേക സബ്സിഡി നൽകും. സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന എല്ലാ വ്യവസായങ്ങൾക്കും (നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്തവ) മാർജിൻമണി ലോൺ വർദ്ധിപ്പിക്കുകയും, ഇതിന്റെ പലിശനിരക്ക് കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പുതിയ വ്യവസായങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദനം ആരംഭിച്ച് ഏഴുവർഷത്തേയ്ക്ക് വില്പന നികുതി ഇളവുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ളതും പുതിയതുമായ എല്ലാ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും പുതിയ ഊർജ്ജ സ്രോതസ്സ് ഉപയോഗിക്കാൻ പറ്റിയ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം, സംസ്ഥാന -ജില്ലാതലങ്ങളിൽ ടെക്നിക്കൽ കൺസൾട്ടൻസി സെല്ലുകൾ രൂപീകരിക്കുക, ട്രസ്റ്റ് സെക്ടറിൽ സാങ്കേതിക മുന്നേറ്റത്തിന്, പ്രത്യേക കോർപ്പസ് ഫണ്ട് രൂപീകരിക്കുക. പൊതുസൗകര്യങ്ങൾ ഉണ്ടാക്കുക, വ്യവസായ ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക, കൂട്ടുകുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, രോഗാതുര വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ പല പദ്ധതികളും വിഭാവന ചെയ്തിട്ടുണ്ട്.

(സി) കിൻഫ്രാ നേരിട്ടും സംയുക്ത സംരംഭങ്ങളായും താഴെപ്പറയുന്ന പദ്ധതികൾ നടത്തിവരുന്നു

1) കിൻഫ്രാ ഇന്റർ നാഷണൽ അപ്പാരൽ പാർക്ക്, തുമ്പ, തിരുവനന്തപുരം.
2) ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം
3) എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്, എറണാകുളം.
4) റബ്ബർ പാർക്ക്, ഐരാപുരം, എറണാകുളം.
5) മറൈൻ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ, അരൂർ, ആലപ്പുഴ
6) ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം
7) കിൻഫ്രാ ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
8) ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ
9) ചെറുകിട വ്യവസായ പാർക്ക്, ശീതഗോളി, കാസർഗോഡ്.
10) ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ഠൗൺഷിപ്പ്, കഞ്ചിക്കോട്, പാലക്കാട്.

കൂടാതെ കെ.എസ്.ഐ.ഡി.സി. യുടെ പക്കലുള്ള വിവിധ പദ്ധതികൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(ഡി) ഇല്ല.

(ഇ) ഐ.ഡി.ബി.ഐ. യുടെ നിരക്കുകളനുസരിച്ച് പലിശനിരക്ക് വ്യത്യാസപ്പെടുത്താറുണ്ട്.

(എഫ്) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ജി) എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടിയ വ്യവസായ പാർക്കുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ പവർകട്ട് പിൻവലിച്ചിട്ടുണ്ട്. ട്രസ്റ്റ് സെക്ടറുകളിലും, പിന്നോക്ക ജില്ലകളിലും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്ന വ്യവസായങ്ങൾക്ക് കൂടുതൽ നിക്ഷേപ സബ്സിഡി നൽകുന്നു. തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുവാനും, തൊഴിൽബന്ധം മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുന്നു. ഇന്റർനെറ്റ് ഉൾപ്പെടെ വിവിധ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങളിൽ കേരളത്തെപ്പറ്റി പരസ്യങ്ങൾ നൽകുന്നു. മാത്രമല്ല, വ്യവസായ സംഘടനകളായ ഫിക്കി. സി.ഐ,ഐ എന്നിവയോടൊപ്പം ചേർന്ന് വിവിധ ചർച്ചകളിലും യോഗങ്ങളിലും പങ്കെടുക്കുന്നു. (കൂടുതൽ വിവരങ്ങൾ (ബി) വിഭാഗത്തിനുള്ള മറുപടിയിലുണ്ട്)

(എച്ച്) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി അടുത്ത രണ്ടു വർഷമായി 380 കോടി രൂപയോളം നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഐ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി വിവിധ പദ്ധതികളിലായി ആയിരത്തി ഇരുന്നൂറു കോടിയിലധികം രൂപ നിക്ഷേപിച്ചിട്ടുണ്ട്.

വ്യവസായ പാർക്കുകൾ

8 (2805) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി, മലപ്പുറം, തിരൂർ എന്നീ മണ്ഡലങ്ങളിൽ ഇതിനകം വ്യവസായ പാർക്കിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ പാർക്ക് തുടങ്ങാനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നൽകുന്ന സഹായങ്ങൾ

9 (2806) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വ്യവസായം ആരംഭിക്കുവാൻ മുന്നോട്ടുവരുന്നവർക്ക് എന്തെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് വ്യവസായ വകുപ്പിൽനിന്നും മറ്റ് ഇതരവ്യവസായ .ഏജൻസികളായ കെ.എസ്. ഐ.ഡി.സി, കിൻഫ്രാ, കെ.എസ്.ഐ.ഇ. തുടങ്ങിയവയിൽ നിന്നും ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏകജാലക സംവിധാനത്തിൽ എത്ര സമയത്തിനുള്ളിൽ വ്യവസായം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly